# 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2021 നവംബർ 3-ാം തീയതി സമർപ്പിച്ചത്

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

1846/2021.

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| 1. സമിതിയുടെ ഘടന | .. | v |
| 2. റിപ്പോർട്ട് | .. | 1 |
| 3. അനുബന്ധം | | |
| I. വിയോജനക്കുറിപ്പ് | .. | 3 |
| II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 5 |

# സബ്ജക്ട് കമ്മിറ്റി VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

## (2021-2023)

**ഘടന**

<u>ചെയർമാൻ:</u>

ശ്രീ. കെ. കൃഷ്ണൻകുട്ടി,
ബഹു. വൈദ്യുതി വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം:</u>

ശ്രീ. വി. ശിവൻകുട്ടി,
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.

ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.

ശ്രീ. എം. എം. മണി, എം.എൽ.എ.

ശ്രീ. പി. നന്ദകുമാർ, എം.എൽ. എ.

ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.

ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

ശ്രീ. വാഴൂർ സോമൻ, എം.എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഷാനവാസ് പി. പി., ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ എൻ. ജി., അണ്ടർ സെക്രട്ടറി.

## കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കായി അയച്ച 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ (ബിൽ നമ്പർ 72), കമ്മിറ്റി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ 2021 ഒക്ടോബർ 1-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2021 നവംബർ 1-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2021 നവംബർ 1-ാം തീയതി സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി ഇല്ലാതെ അംഗീകരിക്കുകയും ചെയ്തു.

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

കെ. കൃഷ്ണൻകുട്ടി,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,
2021 നവംബർ 1.

1846/2021.

## അനുബന്ധം I

## വിയോജനക്കുറിപ്പ്

ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്യാനും, ബോർഡിന്റെ ഭരണ ചിലവുകൾ വഹിക്കാനും വേണ്ടി ഓരോ തൊഴിലാളിയും, തൊഴിലുടമയും, ഉല്പാദകനും ക്ഷേമനിധിയിലേക്ക് അടയ്ക്കേണ്ട അംശദായം 15 രൂപയായി വർദ്ധിപ്പിക്കുന്നതിനും സർക്കാർ ഗ്രാന്റായി അടയ്ക്കുന്ന തുക തൊഴിലാളികളുടെ അംശദായത്തിന്റെ 75 ശതമാനമായി കുറയ്ക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനാണ് 2021-ലെ ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിച്ചിട്ടുള്ളത്.

തൊഴിലാളികളുടെ അംശദായം ഉയർത്തിയപ്പോൾ തന്നെ സർക്കാർ നൽകുന്ന ഗ്രാന്റ് നിലവിലുള്ളതിന്റെ 75 ശതമാനമായി കുറയ്ക്കുന്ന തൊഴിലാളിവിരുദ്ധ സമീപനമാണ് ബില്ലിലൂടെ സ്വീകരിച്ചിട്ടുള്ളത്. ക്ഷേമനിധിയിൽ നിന്നുള്ള വരുമാനത്തിന്റെ ഭൂരിഭാഗവും ഭരണപരമായ ചെലവുകൾക്കായി വിനിയോഗിക്കുന്ന ദൗർഭാഗ്യകരമായ സാഹചര്യമാണ് ക്ഷേമനിധി ബോർഡുകളിൽ നിലനിൽക്കുന്നത്. ഇത് ഒഴിവാക്കുന്നതിനായി ഭരണപരമായ ചെലവുകൾക്ക് വിനിയോഗിക്കാവുന്ന തുക പരിമിതപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യേണ്ടത് അനിവാര്യമാണ്.

മേൽപ്പറഞ്ഞ കാരണങ്ങളാൽ ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

അൻവർ സാദത്ത് (ഒപ്പ്)

എ. കെ. എം. അഷ്റഫ് (ഒപ്പ്)

അനുബന്ധം II

# 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

1998-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി

ക്ഷേമനിധി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1998-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്റ്റ് (1998-ലെ 17) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2020 ജൂലൈ 3-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 4-ാം വകുപ്പിനുള്ള ഭേദഗതി.—1998-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1998-ലെ 17) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 4-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ "പ്രതിമാസം ഏഴ് രൂപാ വീതം" എന്ന വാക്കുകൾക്ക് പകരം "പ്രതിമാസം പതിനഞ്ച് രൂപാ വീതം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (2)-ാം ഉപവകുപ്പിൽ "ഓരോ മാസവും ഏഴ് രൂപ" എന്ന വാക്കുകൾക്ക് പകരം "ഓരോ മാസവും പതിനഞ്ച് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(3) (3)-ാം ഉപവകുപ്പിൽ "ഓരോ മാസവും ഏഴ് രൂപ വീതം" എന്ന വാക്കുകൾക്ക് പകരം "ഓരോ മാസവും പതിനഞ്ച് രൂപ വീതം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(4) (4)-ാം ഉപവകുപ്പിൽ "അംശദായത്തിന് തുല്യമായ ഒരു തുക" എന്ന വാക്കുകൾക്ക് പകരം "അംശദായത്തിന്റെ എഴുപത്തിയഞ്ച് ശതമാനത്തിന് തുല്യമായ തുക" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 129) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2021 നവംബർ 1.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*